ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു പെട്ടെന്നു ഉത്തരവു പുറപ്പെടുവിക്കാൻ നിവൃത്തിയില്ല. അവരെ നിയമിച്ചിട്ടുള്ളതു പബ്ലിക്ക് സർവ്വീസ് കമ്മിഷനാണു. അതുകൊണ്ടു അവരെ സംബന്ധിച്ചു പബ്ലിക്ക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ചുവരുകയാണു.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പിരിച്ചുവിടൽ അതായതു മാർച്ച് 31-ാംതീയതി പിരിച്ചുവിട്ടു ജൂൺ 1-ാംതീയതി തിരിച്ചു എടുക്കുക എന്നു പറയുന്നതു ഒഴിവുകാലത്തു അവർക്കു ശമ്പളം കൊടുക്കാതെ കഴിക്കുന്നതിനുവേണ്ടിയാണെന്നൊരർത്ഥം അതുകൊണ്ടു വരികയില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയൊരർത്ഥം വരികയില്ലെന്നാണു തോന്നുന്നതു. പരാതി ലഭിച്ചതനുസരിച്ചു അവർക്കു എന്തെങ്കിലും കൺസഷൻ ചെയ്യാമോ എന്നു നോക്കുന്നതാണു. സ്കൂളുകളിൽ എംപ്ലോയിമെന്റു എക്സ്ചേഞ്ചുവഴി എടുക്കുന്ന അദ്ധ്യാപകന്മാർക്കും വെക്കേഷനു ശമ്പളം കൊടുക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോഴുമില്ല, മുമ്പുമില്ല. പക്ഷെ അവരുടെ നിവേദനങ്ങൾ അനുസരിച്ചു അവർക്കനുകൂലമായിട്ടുള്ള നടപടി ഗവണ്മെന്റു സ്വീകരിക്കുകയാണു.

ശ്രീമതി കുസുമം ജോസഫ് : പ്രൈവറ്റു സ്കൂളുകളിലെ ക്രാഫ്റ്റു അദ്ധ്യാപകന്മാരെ നിശ്ചിത യോഗ്യതയില്ലാ എന്ന കാരണത്താൽ പിരിച്ചുവിട്ടിട്ടു ഗവണ്മെന്റ് സ്കൂളുകളിൽ അതുയും യോഗ്യതയുള്ളവരെ സ്ഥിരപ്പെടുത്തി അവർക്കു ശമ്പളം കൊടുത്തുവരുന്ന എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വസ്തുതയൊക്കെ ഗവണ്മെന്റിനറിയാം. അതു പണ്ടേ നടന്ന സംഭവമാണു. ആ തരം കുറെ അദ്ധ്യാപകന്മാരെ ഗവണ്മെന്റു സർവ്വീസിൽ ഇടരാൻ അനുവദിച്ചിട്ടുണ്ടു. ഏതായാലും അവശ്യതയുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചു ഗവണ്മെന്റു നടപടി എടുത്തിട്ടുണ്ടു.

ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനം.

* 1433. [14] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ സർക്കാരിന്റെ കീഴിൽ ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണു, ഏതാണു ആ സ്ഥാപനം;

(സി) പ്രതിവർഷം സർക്കാർ വകയായുള്ള ആയുർവ്വേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉപയോഗിക്കുന്നതിനാവശ്യമായ ഔഷധങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതു സാധിക്കുന്നതിനുള്ള പരിപാടി എന്താണു;

(ഇ) മലബാർ ഡിസ്ട്രിക്ടിന്റെ ബോർഡിൻ കീഴിലുള്ള മുണ്ടൂരിലെ ആയുർവ്വേദ ഔഷധ നിർമ്മാണശാല ഗവണ്മെന്റു ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഉവ്വു.

(ബി) തിരുവനന്തപുരം ആയുർവ്വേദകാളേജിനോടനുബന്ധിച്ചുള്ള ഫാർമസി ഗവണ്മെന്റിന്റെ കീഴിൽ തൃശ്ശൂർ ഒന്നുണ്ടു, കേരളവർമ്മ ആയുർവ്വേദ ഫാർമസി, സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിനു വേണ്ട നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉവ്വ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മുണ്ടൂർ, ഡിസ്പെൻസറിക്കു വേണ്ടി ബോർഡിന്റെ കീഴിൽ ഒരു ഔഷധനിർമ്മാണശാല ഉണ്ടായിരുന്നു. അതേ സംബന്ധിച്ചു് എന്താണു് തീരുമാനിച്ചിട്ടുള്ളതു്?

ഡാക്ടർ എ. ആർ. മേനോൻ : അതേപ്പറ്റി എന്താണു് വേണ്ടതെന്നു് ആലോചിക്കുന്നു. അവിടെ ഒരു ഡിസ്പെൻസറി ഉണ്ടായിരുന്നു.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കാൻ വല്ല ആലോചനയുമുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഉണ്ടു്. നോർത്ത് മലബാറിൽ അതിലേയ്ക്കു് ഏക്കറിൽ ചിലപ്പോൾ സ്ഥലം എടുത്തിട്ടുണ്ടു്. അതിനു വേണ്ട സഹായങ്ങൾ ചെയ്യാൻ ഈ ഗവണ്മെന്റ് നടപടി നടത്തിയിട്ടുണ്ടു്. ആ സ്ഥലത്തിന്റെ പേരു് എനിക്കു് നല്ല ഓർമ്മയില്ല. സഹകരണാടിസ്ഥാനത്തിലാണു് നടത്താൻ പോകുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ ഔഷധനിർമ്മാണം നഷ്ടത്തിലാണെന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ : മുമ്പു ലാഭത്തിലുള്ള കച്ചവടമായിരുന്നു. തുടങ്ങിയതാണു്. 40,000 രൂപാ ചെലവാക്കി, 3 ലക്ഷം രൂപാ കിട്ടി.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : തിരുവനന്തപുരത്തു നഷ്ടമാണെന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ : അറിയാം. വളരെ നഷ്ടത്തോടുകൂടിയാണു് ചെയ്യുന്നതെന്നും ഗവണ്മെന്റിനറിയാം. അതിനു് എന്താണു നടപടിയെടുക്കേണ്ടതെന്നു ആലോചനയിലിരിക്കുകയാണു്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : തിരുവനന്തപുരത്തുള്ള ആയുർവ്വേദ ഫാർമസി നഷ്ടത്തിൽ നടത്തുന്നതിനുള്ള കാരണം ഇവിടെയുള്ള ആയുർവ്വേദ വൈദ്യന്മാരുടെ ഫാർമസികളിൽ ഉണ്ടാക്കുന്ന ഔഷധങ്ങൾ ചെലവാക്കുന്നതിനു വേണ്ടി ഗവണ്മെന്റിന്റെ കീഴിൽ ഉണ്ടാക്കുന്ന ഔഷധങ്ങൾ ചീത്തയാക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: That question contains an insinuation and need not be answered.

1959-ലെ ടെൻഡർ വിളിച്ചു പാലങ്ങൾ.

* 1434. [15] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-ൽ ടെൻഡർ വിളിച്ചു് കോൺട്രാക്ടറെ കൊടുത്ത പാലങ്ങൾ സ്റ്റോറിൽ എത്തുണ്ടു്;

(ബി) ഏതെല്ലാം;

(സി) എത്ര എണ്ണത്തിന്റെ പണി തുടങ്ങി;

(ഡി) ഇതുവരെ പണി തുടങ്ങാത്ത പാലങ്ങൾ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly